# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 639 24.01.2018-ൽ മറുപടിക്ക്**

## ഓഖി ചുഴലിക്കാറ്റ്-കെ.എസ്.ഇ.ബിയ്ക്കുണ്ടായ നഷ്ടം

| | ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കെ. എസ്.ഇ.ബിയ്ക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) | ഉണ്ട്. ജില്ലാടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് വിതരണ മേഖലയിൽ കെ.എസ്.ഇ.ബി-യുടെ 8167 എൽ.റ്റി പോസ്റ്റുകൾക്കും 4886 എച്ച്.റ്റി പോസ്റ്റുകൾക്കും 3182 k.m എൽ.റ്റി ലൈനുകൾക്കും 1378 k.m എച്ച്.റ്റി ലൈനുകൾക്കും 51 ട്രാൻസ്ഫോർമറുകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. അതനുസരിച്ച് കെ.എസ്.ഇ.ബി–എല്ലിന് 13.82 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.<br>ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് പ്രസരണ മേഖലയിൽ ഏകദേശം 71,700/- രൂപയുടെ നാശനഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) പത്തനംതിട്ട പ്രസരണ ഡിവിഷനു കീഴിലുള്ള ലൈൻ മെയിന്റനൻസ് സെക്ഷൻ മൂഴിയാറിന്റെ ഭാഗമായ ശബരിഗിരി, ഇടമൺ 220. കെ.വി. ഒന്നാം ഫീഡറിന്റെ 141,142 ടവറുകൾക്കിടയിലുള്ള ഭാഗത്ത് ലൈനിലേയ്ക്ക് 30.11.2017-ന് വൻ മരങ്ങൾ പതിച്ച് പ്രസരണ ലൈനും, അനുബന്ധ ഉപകരണങ്ങൾക്കും, തകരാറുകൾ സംഭവിച്ചു. ഈ അപകടത്തെ തുടർന്ന് പ്രസ്തുത ലൈനിലെ അറ്റകുറ്റ പണികൾക്കായി 51,700/- രൂപ ചെലവഴിച്ചു.<br>(ii) തിരുവനന്തപുരം പ്രസരണ സർക്കിളിനു കീഴിലുള്ള തിരുവനന്തപുരം ഡിവിഷനിലെ കഴക്കൂട്ടം – ടേൾസ് 110 കെ.വി ലൈൻ പോകുന്ന ടവറുകളിലെ ക്രോസ് ആം ഒടിഞ്ഞു. ഈ അപകടത്തെ തുടർന്ന് പ്രസ്തുത ലൈനിലെ അറ്റകുറ്റ പണികൾക്കായി 20,000/- രൂപ ചെലവഴിച്ചു. |

Hemalatha

**സെക്ഷൻ ഓഫീസർ**